ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# ദാനം ഒരു നിക്ഷേപമാണ്

عن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال، قالَ اللَّهُ تَبارَكَ وتَعالَى: يا ابْنَ آدَمَ أَنْفِقْ أُنْفِقْ عَلَيْكَ وقالَ: يَمِينُ اللهِ مَلْأَى، سَحّاءُ لا يَغِيضُها شيءٌ اللَّيْلَ والنَّهارَ - مسلم

**അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ (സ) അറിയിച്ചു, അല്ലാഹു ഇങ്ങനെ അരുളിയിരിക്കുന്നു: 'ആദമിന്റെ പുത്രാ, നൽകുക. എങ്കിൽ ഞാൻ നിനക്കും നൽകും.' നബി(സ) ഇങ്ങനെ കൂട്ടിച്ചേർത്തു: 'അല്ലാഹുവിന്റെ കൈ നിറഞ്ഞതാണ്. അവൻ അത്യുദാരനാണ്. രാവും പകലും ചെലവഴിച്ചാലും അതിലൊന്നും കുറയില്ല' (മുസ്‌ലിം).**

ഈ ഹദീസ് നൽകുന്ന പാഠങ്ങൾ ഇവയാണ്: ഒന്ന്, ദാനധർമങ്ങൾക്ക് ഇസ്‌ലാമിൽ വളരെയധികം പ്രാധാന്യമുണ്ട്. രണ്ട്, ദാനം നിക്ഷേപമാണ്. നൽകുന്നവർക്ക് അല്ലാഹു ധാരാളമായി തിരിച്ചു നൽകും. മൂന്ന്, പ്രപഞ്ചത്തിലെ സകലർക്കും വീതം വെച്ചാലും അല്ലാഹുവിന്റെ കരങ്ങളിലുള്ളത് തീരുകയില്ല.

ദാനധർമങ്ങളുടെ മഹത്വത്തെ വർണിക്കുന്നതാണ് ഖുദ്സിയായ ഈ ഹദീസ്. ദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശുദ്ധ ഖുർആനിലും ധാരാളം വാക്യങ്ങൾ കാണാം.

ദാനം ഒരു നിക്ഷേപവും വരുമാനവുമാണ് എന്നാണ് അല്ലാഹുവും റസൂലും പഠിപ്പിക്കുന്നത്. സകാത്ത് എന്ന പദത്തിന്റെ അർഥം തന്നെ വളർച്ച എന്നാണ്. ഒരു സമ്പത്തും ദാനം മുഖേന കുറയില്ല എന്ന് തിരുനബി പഠിപ്പിച്ചു. ഒരു ധാന്യമണിയിൽനിന്ന് എഴുനൂറ് മണി ഉൽപാദിപ്പിക്കാൻ കഴിവുള്ള അല്ലാഹു ദാനധർമങ്ങളെ വളർത്തി എഴുനൂറോ അധിലധികമോ ഇരട്ടിയാക്കി മടക്കിത്തരികതന്നെ ചെയ്യുമെന്ന് വിശുദ്ധ ഖുർആൻ ഉറപ്പ് നൽകുന്നുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചിലവഴിക്കുന്നവർക്ക് അവൻ തിരിച്ചും ധാരാളം നൽകുമെന്ന് വിശുദ്ധ ഖുർആൻ: ''നിങ്ങൾ സത്യമാർഗത്തിൽ ചെലവഴിക്കുന്ന എന്തിനും അവൻ പകരം നൽകും. അന്നം നൽകുന്നവരിൽ അത്യുത്തമനാണവൻ'' (34:39).

ദാനം നൽകുന്നവർ അല്ലാഹുവിന് കടം നൽകുകയാണ് ചെയ്യുന്നത്. പിന്നീട് അവനത് ഇരട്ടിയിരട്ടിയാക്കി തിരിച്ച് തരും. അവൻ പറഞ്ഞു: ''അല്ലാഹുവിന് ഉത്തമമായ കടം കൊടുക്കാൻ ആരുണ്ട്? എങ്കിൽ അല്ലാഹു അത് അനേകമിരട്ടിയായി തിരിച്ചുതരും. മാന്യമായ പ്രതിഫലത്തിനർഹനും അയാൾതന്നെ'' (57:11). ഇക്കാര്യം അല്ലാഹുവിന്റെ റസൂലും വ്യക്തമാക്കുന്നുണ്ട്: ''എല്ലാ ഓരോ ദിവസവും രണ്ട് മലക്കുകൾ ഇറങ്ങി വരും. ഒരാൾ പ്രാർഥിക്കും: അല്ലാഹുവേ, ചെലവഴിക്കുന്നവന് വളർച്ച നൽകേണമേ...രണ്ടാമത്തെ മലക്ക് പ്രാർഥിക്കും: അല്ലാഹുവേ, പിടിച്ച് വെക്കുന്നവന് വിനാശം നൽകേണമേ...'' (ബുഖാരി, മുസ്‌ലിം).

സ്വദഖ നൽകിയവർക്ക് അവരുടെ ധനം വർധിപ്പിച്ച് തിരിച്ച് നൽകുന്നതിനെ അല്ലാഹുവിന്റെ റസൂൽ ഇപ്രകാരം ചിത്രീകരിക്കുന്നു: ''ആരെങ്കിലും നല്ല സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്കയുടെ അത്ര ദാനം നൽകിയാൽ - അല്ലാഹു നല്ലതേ സ്വീകരിക്കുകയുള്ളൂ - അല്ലാഹു അത് തന്റെ വലത് കൈകൊണ്ട് സ്വീകരിക്കുകയും നൽകിയവന് വേണ്ടി അതിനെ വളർത്തുകയും ചെയ്യും. നാൽക്കാലിക്കുട്ടികളെ വളർത്തുന്നത് പോലെ. അവസാനമത് മലയോളമെത്തും'' (ബുഖാരി).

ദാനം നൽകിയ ധനമാണ് തന്റെ യഥാർഥ ധനമെന്ന് നബി (സ) ഓരോ വിശ്വാസിയെയും ഓർമിപ്പിച്ചു. ഒരിക്കൽ റസൂൽ ചോദിച്ചു: ''തന്റെ ധനത്തേക്കാൾ അനന്തരാവകാശിയുടെ ധനത്തെ ഇഷ്ടപ്പെടുന്നവൻ ആരാണുള്ളത്?''

വാർഡനെ ആവശ്യമുണ്ട്

കണ്ണൂർ ജില്ലയിൽ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് വനിതാ വാർഡനെ ആവശ്യമുണ്ട്. പ്രസ്ഥാന പ്രവർത്തകർക്ക് മുൻഗണന. ബന്ധപ്പെടേണ്ട ഫോൺ നമ്പർ:

+919496850792
+919447005107

സ്വഹാബാക്കൾ പറഞ്ഞു: ''സ്വന്തം സ്വത്തിനെ കൂടുതൽ ഇഷ്ടപ്പെടാത്ത ഒരാളും ഞങ്ങളുടെ കൂട്ടത്തിലില്ല.'' റസൂൽ പറഞ്ഞു: ''നേരത്തെ ചെലവഴിച്ചതാണ് ഒരാളുടെ സ്വന്തം സമ്പത്ത്. ചെലവഴിക്കാതെ മാറ്റി വെച്ചതെല്ലാം അനന്തരാവകാശിയുടേതാണ്'' (ബുഖാരി).

ഔദാര്യവാന്മാർക്ക് സമാധാനവും നിർഭയത്വവും അല്ലാഹു ഉറപ്പ് നൽകുന്നു: ''രാവും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ ധനം ചെലവഴിക്കുന്നവർക്ക് അവരുടെ നാഥന്റെ അടുക്കൽ അവരർഹിക്കുന്ന പ്രതിഫലമുണ്ട്. അവർക്കൊന്നും പേടിക്കാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല'' (2: 274).

ശരീരം കൊണ്ടും സമ്പത്ത് കൊണ്ടും ജിഹാദ് ചെയ്യുന്നവരാണ് യഥാർഥ വിശ്വാസികളും സത്യസന്ധരുമെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: ''തീർച്ചയായും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നെ അതിൽ അശേഷം സംശയിക്കാതിരിക്കുകയും തങ്ങളുടെ സമ്പത്തും ശരീരവും കൊണ്ട് ദൈവമാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ മാത്രമാണ് സത്യവിശ്വാസികൾ. സത്യസന്ധരും അവർതന്നെ'' (49:15).

സാമ്പത്തിക ബാധ്യത നിർവഹിക്കാത്തവർക്ക് കഠിനമായ ശിക്ഷയുണ്ടാവുമെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു: ''സ്വർണവും വെള്ളിയും ശേഖരിച്ചുവെക്കുകയും അവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരെ വേദനയേറിയ ശിക്ഷയെ സംബന്ധിച്ച 'സുവാർത്ത' അറിയിക്കുക. നരകത്തീയിലിട്ട് ചുട്ടുപഴുപ്പിച്ച് അവകൊണ്ട് അവരുടെ നെറ്റികളും പാർശ്വഭാഗങ്ങളും മുതുകുകളും ചൂടുവെക്കും ദിനം! അന്ന് അവരോടു പറയും: 'ഇതാണ് നിങ്ങൾ നിങ്ങൾക്കായി സമ്പാദിച്ചുവെച്ചത്. അതിനാൽ നിങ്ങൾ സമ്പാദിച്ചുവെച്ചതിന്റെ രുചി ആസ്വദിച്ചുകൊള്ളുക'' (9: 34,35).

ദാനം പാപങ്ങൾ കഴുകിക്കളയുമെന്നും പ്രവാചകൻ സുവാർത്ത അറിയിച്ചു: ''വെള്ളം തീ കെടുത്തുന്നത് പോലെ ദാനം തെറ്റുകളെ കെടുത്തും'' (തിർമിദി). ദാനം പ്രകൃതി വിപത്തുകളിൽ നിന്ന് രക്ഷ നൽകുമെന്നും പഠിപ്പിച്ചു: ''സൂര്യ ചന്ദ്രന്മാർക്ക് ഗ്രഹണം ബാധിച്ചതായി നിങ്ങൾ കണ്ടാൽ അല്ലാഹുവിനെ മഹത്വപ്പെടുത്തുകയും നമസ്കരിക്കുകയും ദാനധർമങ്ങൾ നൽകുകയും ചെയ്യുക'' (ബുഖാരി, മുസ്‌ലിം).

ഇബ്നുൽ ഖയ്യിം (റ) എഴുതി: ''വിവിധ വിപത്തുകളെ പ്രതിരോധിക്കുന്നതിൽ ദാനധർമങ്ങൾക്ക് അത്ഭുതകരമായ ശക്തിയുണ്ട്; നൽകുന്നവൻ അധർമിയാണെങ്കിലും അക്രമിയാണെങ്കിലും സത്യനിഷേധിയാണെങ്കിലും. ദാനം മുഖേന അനേകം ആപത്തുകളെ അല്ലാഹു തടഞ്ഞു നിർത്തും. ഇത് പ്രമുഖരും സാധാരണക്കാരുമായ എല്ലാവർക്കും അറിയാവുന്നതാണ്. ഭൂവാസികളെല്ലാം ഇത് സമ്മതിക്കുന്നു. കാരണം അതവരുടെ അനുഭവമാണ്'' (അൽ വാബിലുസ്സയ്യിബ്).

സ്വദഖ-സകാത്തുകൾ അല്ലാഹുവിന്റെ കോപത്തെ ശമിപ്പിക്കുമെന്നും ദുർമരണത്തിൽ നിന്ന് രക്ഷപ്പെടുത്തുമെന്നും ഹദീസുകളിൽ കാണാം. മഹ്ശറാ മഹാസഭയിൽ അല്ലാഹുവിന്റെ സിംഹാസനത്തിന്റെ തണലുണ്ടാവുന്ന ഏഴ് വിഭാഗങ്ങളിലൊന്ന് ഇടത് കൈ അറിയാതെ വലത് കൈ കൊണ്ട് ദാനം നൽകുന്നവരാണെന്ന് റസൂൽ അറിയിക്കുകയുണ്ടായി (ബുഖാരി, മുസ്‌ലിം).

ദാനം നൽകാതെ ധനം സൂക്ഷിച്ച് വെക്കുന്നത് ഏറെ വിനാശകരമാണെന്ന് പ്രവാചകൻ പ്രസ്താവിച്ചു: ''മൂന്ന് കാര്യങ്ങൾ നാശകാരികളാണ്. അനുസരിക്കപ്പെടുന്ന പിശുക്ക്. പിൻപറ്റപ്പെടുന്ന ദേഹേഛ. സ്വയം അഹങ്കരിക്കൽ'' (ത്വബറാനി).

സത്യവിശ്വാസികളുടെ പ്രകൃതത്തോട് ലുബ്ധ് പൊരുത്തപ്പെടുകയില്ല. അതുകൊണ്ടാണ് ലുബ്ധും ഈമാനും ഒരിക്കലും ഒരാളുടെ ഹൃദയത്തിൽ ഒരുമിക്കുകയില്ലെന്ന് പ്രവാചകൻ (സ) പറഞ്ഞത് (അന്നസാഈ).

പ്രവാചകൻ (സ) വളർത്തിയെടുത്ത വിശ്വാസി സമൂഹത്തിൽ ദാനധർമങ്ങളോടുള്ള അടങ്ങാത്ത ആവേശം കാണാനാവും. ഉമർ (റ) പറഞ്ഞു: ''ഒരിക്കൽ ഞങ്ങളോട് അല്ലാഹുവിന്റെ റസൂൽ ദാനം നൽകാനായി ആജ്ഞാപിച്ചു. അപ്പോൾ എന്റെ കൈയിൽ പണമുണ്ടായിരുന്നു. ഞാൻ മനസ്സിൽ പറഞ്ഞു. 'എന്നെങ്കിലും ഞാൻ അബൂബക്റിനെ മുൻ കടക്കുമെങ്കിൽ അത് ഇന്നായിരിക്കും.' അങ്ങനെ ഞാനെന്റെ പാതി സ്വത്തുമായി വന്നു. അല്ലാഹുവിന്റെ റസൂൽ ചോദിച്ചു: 'കുടുംബത്തിന് എന്താണ് ബാക്കി വെച്ചത്?' ഞാൻ പറഞ്ഞു: 'ഞാനിപ്പോൾ നൽകിയ അത്ര കൂടിയുണ്ട്.' അൽപ്പം കഴിഞ്ഞ് അബൂബക്ർ തന്റെ വിഹിതവുമായി വന്നു. റസൂൽ ചോദിച്ചു: 'അബൂബക്ർ കുടുംബത്തിനായി എന്താണ് ബാക്കിവെച്ചത്?' 'അല്ലാഹുവിനെയും അവന്റെ റസൂലിനെയും മാത്രമേ ഞാൻ ബാക്കിയാക്കിയിട്ടുള്ളൂ.' ഞാൻ ആത്മഗതം ചെയ്തു: ഇല്ല, എനിക്ക് അബൂബക്റിനെ മറികടക്കാനാവില്ല'' (തിർമിദി). ●


# ഉടനെ ആവശ്യമുണ്ട്

**മധ്യ കേരളത്തിലെ പ്രശസ്ത ഇസ്‌ലാമിക സ്ഥാപനങ്ങളിലേക്ക് താഴെ പറയുന്ന തസ്തികകളിലേക്ക് ജോലിക്കാരെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളത്തിന് പുറമേ ഭക്ഷണവും താമസവും സൗജന്യമായിരിക്കും.**

**തസ്തികകൾ**

- ടീച്ചർ ഫിസിക്കൽ എഡ്യൂക്കേഷൻ **(BPEd, MPEd)**
- മെന്റർ - 2 (വനിത) -**(any degree preferable)**
- ക്ലീനിംങ് സ്റ്റാഫ് - 1 (വനിത)
- കുക്ക് - 1
- കിച്ചൺ അസിസ്റ്റന്റ് -2
- സെക്യൂരിറ്റി

**ഉടനെ ബന്ധപ്പെടുക**

**09400025677**

**hrvocvty@gmail.com**